## (63.) പമ്പാവാലി സെൻ്റ് തെരേസാസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലങ്കര കത്തോലിക്കാ സഭയിലെ പത്തനംതിട്ട രൂപതയിലെ അതിർത്തി ദേവാലയങ്ങളിൽ ഒന്നാണ് സെൻ്റ് തെരേസാസ് മലങ്കര കത്തോലിക്കാപള്ളി പമ്പാവാലി. മാർതോമാ ശ്ലീഹാ വരികയും സ്ഥാപിക്കുകയും ചെയ്ത നിലയ്ക്കൽ ദേവാലയത്തോട് ചേർന്നാണ് ഈ ദേവാലയം സ്ഥിതി ചെയ്യുന്നത്. കുന്നുകളും മലകളും പമ്പയാറും വനവുമൊക്കെയും ചേർന്ന് വളരെ മനോഹരമായ ഒരു സ്ഥലമാണിത്. കാഞ്ഞിരപ്പള്ളി രൂപതയുടെ അംഗസംഖ്യ ഏറെയുള്ള അനേകം ദേവാലയങ്ങൾ ഈ ചുറ്റുപാടുകളിലുണ്ട്. കർഷകരായ സാധാരണ വ്യക്തികളാണ് ഇവിടെയുള്ളത്.

ഈ ഇടവകയുടെ സ്ഥാപനവർഷം 1975-80 കാലഘട്ടമാണ്. ഈ ഇടവകയുടെ സ്ഥാപകൻ നടമല ഫീലിപ്പോസ് അച്ചനും ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവുമാണ്. ഈ ഇടവകയുടെ സ്ഥാപകരിൽ ഒരാളായ നടമല അച്ചൻ ഒരിപാട് കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയുമാണ് ഇവിടേക്ക് കടന്നുവന്നിരുന്നത്. ആദ്യകാലങ്ങളിൽ ഈ പ്രദേശത്തേക്ക് കാൽനടയായാണ് അദ്ദേഹം വന്നിരുന്നത്. ഇവിടേക്ക് കുടിയേറിയ കുടുംബങ്ങളെ ചേർത്താണ് ബഹുമാനപ്പെട്ട നടമല അച്ചൻ ദേവാലയം സ്ഥാപിച്ചത്. ആദ്യകാലത്ത് ഇടവക സ്ഥാപനത്തിനും അതിൻ്റെ വളർച്ചയ്ക്കും സജീവമായിനിന്ന കുടുംബങ്ങൾ ശ്രീ. മാത്യു വടക്കേതിൽ, രാജു മഠത്തൻകുന്നേൽ, അഗസ്റ്റിൻ ഈട്ടിക്കൽ എന്നിവരാണ്. ആദ്യകാലത്ത് 24 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്, പിന്നീട് 12 പേർ ഇടവകയിൽ നിന്ന് മാറിപോയി നിലവിൽ 25 കുടുംബങ്ങൾ ഉണ്ടെങ്കിൽപോലും 20 കുടുംബങ്ങൾമാത്രമേ സജ്ജീവമായി നിലകൊള്ളുന്നുള്ളു. മലങ്കര സുറിയാനി ആരാധനാക്രമത്തിൻ്റെ മനോഹാരിതയും വ്യത്യസ്തതയും ആളുകളെ ആകർഷിച്ചിരുന്നു.

**ഇടവകയുടെ ആരംഭംമുതൽ ഇന്ന് വരെയുള്ള വികാരിമാർ**

| | |
|---|---|
| 1. ഫാ. ഫീലിപ്പോസ് നടമല | |
| 2. ഫാ. ജോഷ്വാ പീടികയിൽ | |
| 3. ഫാ. മാത്യു മരോട്ടിമൂട്ടിൽ | |
| 4. ഫാ. ഡാനിയേൽ കൊച്ചുവീട്ടിൽ | |
| 5. ഫാ. കുര്യാക്കോസ് | |
| 6. ഫാ. ജസ്റ്റിൻ ഡേവിഡ് ഒ.ഐ.സി. | 2006-2007 |
| 7. ഫാ. മാത്യു പുതുപ്പറമ്പിൽ | |
| 8. ഫാ. ജയിംസ് വർഗ്ഗീസ് ഇല്ലിത്തറയിൽ ഒ.ഐ.സി. | 2009 |
| 9. ഫാ. ഇഗ്നേഷ്യസ് ജോർജ്ജ് ഒ.ഐ.സി. | 2009-2013 |
| 10. ഫാ. ഡേവിഡ് | |
| 11. ഫാ. അലക്സാണ്ടർ കല്ലുകാലായിൽ | 2013-2018 |
| 12. ഫാ. വർഗീസ് തോമസ് ചാമക്കാലായിൽ | 2018-2019 |
| 13. ഫാ. ജിതിൻ മഠത്തിൽ | 2019 |

ഇവിടെ സേവനം ചെയ്ത വൈദികരെല്ലാം ചെറുതും വലുതുമായ അനേകം കാര്യങ്ങൾ ഇടവകയ്ക്കുവേണ്ടി ചെയ്തിട്ടുണ്ട്. ജയിംസ് അച്ചൻ്റെ സമയത്ത് 13 സെൻ്റ് സ്ഥലം വാങ്ങി പിയാത്ത സ്ഥാപിച്ചു. ഫാ. മാത്യു

പുതുപ്പറമ്പിൽ അച്ചനും ജയിംസ് അച്ചനും ദേവാലയത്തിന്റെ മെയിന്റനൻസ് ചെയ്തു. ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ തിരുമനസ്സുകൊണ്ട് പിയാത്ത കൂദാശ ചെയ്തു. അതുപോലെ സഭയുടേയും സാമൂഹ്യപ്രവർത്തനത്തിന്റേയും ഭാഗത്തുനിന്നുള്ള ഈ ഇടവകയോടുള്ള കരുതലും സ്നേഹവും എടുത്തുപറയേണ്ടതാണ്.